പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2466</u> <u>18-06-2014 - ൽ മറുപടിയ്ക്ക്</u>

## കരിയിൽ തോടിന്റെ അറ്റകുറ്റപ്പണികൾ

**ചോദ്യം**

ശ്രീ.വി.ശിവൻകുട്ടി:

നേമം നിയോജകമണ്ഡലത്തിലെ കരിയിൽ തോട് വൃത്തിയാക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി 96,50,000/- രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സംസ്ഥാന ജലവിഭവ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും ആയത് എന്നത്തേക്ക് ആരംഭിക്കുമെന്നും ഇതു സംബന്ധിച്ചുള്ള മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ ?

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്

(ജലവിഭവ വകുപ്പ് മന്ത്രി)

നേമം നിയോജകമണ്ഡലത്തിലെ കരിയിൽ തോടിന്റെ പുനരുദ്ധാരണത്തിനായി Disaster Management (Revenue - K) department ന്റെ GO(Rt)No.2989/2011/DMD തീയതി 13-07-2011 പ്രകാരം 96.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും നമ്പർ 56/CE/I&A/11-12 ആയി 96.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തു. പ്രസ്തുത പണികൾ ദർഘാസ് ചെയ്ത് നടപടികൾ പൂർത്തിയാക്കിയപ്പോൾ ഷാജി ഉലഹന്നാൻ എന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത കരാറുകാരൻ കരാർ ഉടമ്പടി വയ്ക്കാൻ തയ്യാറാകാത്തതിനാൽ ടെണ്ടർ നിയമപരമായി റദ്ദാക്കുകയും പുനർ ദർഘാസിനായി ഉത്തരവിടുകയും ചെയ്തു. എന്നാൽ മൂന്ന് പ്രാവശ്യം ദർഘാസ് നടത്തിയെങ്കിലും ആരും തന്നെ ദർഘാസ് നൽകുവാൻ തയ്യാറായില്ല. നിലവിലെ സാഹചര്യം കണക്കിലെടുത്ത് പുതുക്കിയ 98.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് നൽകുകയും കളക്ടർ മുഖേന പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ.കെ) വകുപ്പ് നിരസിച്ചതായി അറിയിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിച്ചാൽ മാത്രമേ പ്രസ്തുത പണി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളു.

സെക്ഷൻ ഓഫീസർ.